**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 193** **24-06-2024 - ൽ മറുപടിയ്ക്ക്**

**കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷേമ പെൻഷനുകളുടെ വിതരണത്തിന് മുടക്കം വരാതിരിക്കുവാൻ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന കമ്പനിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) | 26.06.2018 തീയതിയിലെ സ.ഉ.(കൈ) നം.232/2018/ധന. ഉത്തരവ് പ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കമ്പനിയുടെ പ്രവർത്തനവും കമ്പനി നൽകുന്ന സേവനങ്ങളും വ്യക്തമാക്കുമോ; | (ബി) | സാമൂഹ്യ സുരക്ഷാ പെൻഷനും 16 ക്ഷേമനിധി ബോർഡുകളുടെ പെൻഷനും കമ്പനി മുഖേന വിതരണം ചെയ്തുപോരുന്നു. |
| (സി) | പ്രസ്തുത കമ്പനി നാളിതുവരെ എടുത്ത വായ്പയുടെയും തിരിച്ചടവിന്റെയും വിശദാംശം ലഭ്യമാക്കുമോ; | (സി) | കമ്പനി നാളിതുവരെ 38319.93 കോടി രൂപ വായ്പ എടുക്കുകയും ആയതിൽ 25,519.31 കോടി രൂപ വായ്പ തിരിച്ചടവ് നടത്തുകയും ചെയ്തിട്ടുണ്ട്. കെ.എസ്.എഫ്.ഇ, കെ.എസ്.ബി.സി, പെൻഷൻ വിതരണത്തിന് ഫണ്ട് സ്വരൂപിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കെ.എഫ്.സി എന്നിവിടങ്ങളിൽ നിന്നാണ് വായ്പ സമാഹരിച്ചിട്ടുള്ളത്. കമ്പനിക്ക് നിലവിൽ 12,800.62 കോടി രൂപ വായ്പ ബാധ്യതയുണ്ട്. |
| (ഡി) | ക്ഷേമപെൻഷനുകളുടെ വിതരണം മുടങ്ങാതിരിക്കുവാൻ ആവിഷ്കരിച്ച ഒരു ബദൽ പദ്ധതി എന്ന നിലയിൽ അത് വിജയകരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ഡി) | കേന്ദ്രസർക്കാരിന്റെ നടപടികൾ സംസ്ഥാനത്തിന്റെ വായ്പ ഉൾപ്പെടെയുള്ള വരുമാനത്തിൽ ഗണ്യമായ കുറവ് സൃഷ്ടിക്കുകയും ആയത് സംസ്ഥാനത്ത് ഗുരുതരമായ പണഞെരുക്കത്തിന് ഇടയാക്കുകയും ചെയ്തിരുന്നു. തത്ഫലമായി സാമൂഹ്യ സുരക്ഷാ പെൻഷൻ അടക്കമുള്ള ക്ഷേമപ്രവർത്തനങ്ങളും വികസന പ്രവൃത്തികളും സ്തംഭിക്കുന്ന അനിതരസാധാരണമായ സ്ഥിതിവിശേഷം ഉടലെടുത്തിരുന്നു. ടി പശ്ചാത്തലത്തിൽ, KSSPL – ന്റെ രൂപീകരണവും തുടർപ്രവർത്തനവും മൂലമാണ് സാമൂഹ്യ സുരക്ഷാ / ബോർഡ് പെൻഷനുകളുടെ വിതരണം പൂർണ്ണമായും മുടങ്ങുന്നത് ഒഴിവാക്കുന്നതിനും |

| | | | |
|---|---|---|---|
| | | | ഒരു പരിധിവരെ പെൻഷനുകൾ 2018-19 മുതൽ സുഗമമായി വിതരണം ചെയ്യുന്നതിനും സാധിച്ചിട്ടുള്ളത്. സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി 43,671.84 കോടി രൂപയും, ക്ഷേമനിധി ബോർഡുകളുടെ പെൻഷൻ വിതരണത്തിനായി 5,531.56 കോടി രൂപയും ഉൾപ്പടെ ആകെ 49,203.40 കോടി രൂപ കമ്പനി നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. |
| (ഇ) | പ്രസ്തുത കമ്പനിയിൽനിന്നും സർക്കാർ എടുത്തിട്ടുള്ള വായ്പ അനധികൃത വായ്പയായി കണക്കാക്കി, ഭാവിയിൽ ഗഡുക്കളായി പ്രസ്തുത തുക സംസ്ഥാനത്തിന്റെ കട പരിധിയിൽ നിന്നും വെട്ടിക്കുറയ്ക്കുമെന്ന് കേന്ദ്ര സർക്കാർ സൂചിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | കിഫ്ബി, KSSPL മുതലായ പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പ സംസ്ഥന സർക്കാരിന്റെ കടമായി കണക്കാക്കി 2021-22 സാമ്പത്തിക വർഷം എടുത്ത 12,562.80 കോടി രൂപ നാല്യ തവണകളായി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പിൽ നിന്നും കേന്ദ്ര സർക്കാർ കുറച്ചുവരികയാണ്. കൂടാതെ പ്രസ്തുത സ്ഥാപനങ്ങൾ 2022-23 മുതൽ കടമെടുക്കുന്ന തുകയും അതത് വർഷം തന്നെ സംസ്ഥാനത്തിന്റെ ആകെ കടമെടുപ്പിൽ നിന്ന് കേന്ദ്രസർക്കാർ കുറവ് വരുത്തുന്നുണ്ട്. പെൻഷൻ കൃത്യമായി നൽകുന്നതിന് പ്രയാസമുണ്ടാക്കുന്ന കേന്ദ്ര സർക്കാരിന്റെ ഈ നടപടിക്കെതിരെ സംസ്ഥാന സർക്കാർ നിയമനടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ